MR. K. C. KARUNAKARAN :

406. To reduce the total allotment of Rs. 3,78,726 under Demand XVIII by Re. 1.

MR. H. B. MAHOMED ROWTHER :

407. To reduce the total allotment of Rs. 3,78,726 under Demand XVIII by Re. 1.

DEMAND XIX—AGRICULTURE AND FISHERIES.

MR. K. R. NARAYANA AIYAR (*Director of Agriculture and Fisheries*) : Sir, I rise for a grant not exceeding Rs. 2,37,181 under Demand XIX-Agriculture and Fisheries.

Motion No. 408.

MR. M. G. MATTHEW : Sir, I beg to move to reduce the allotment of Rs. 12,000 for salaries by Re. 1 to discuss the policy followed in the Department of making appointments and promotions. The question with respect to other departments has been discussed on the floor of this House in such detail that I do not, at this stage, want to go into the minor details, with respect to this department except to point out the disparity between the different countries in the number of appointments and officers in the Department. The Public Recruitment Committee called for the number of officers in the Department. The Committee recorded that out of 246 appointments in the Department only 28 were held by communities other than the overrepresented communities. Now another list has been called for by an honourable member of this House for a caste war statement of the officers in the Department. From that it is clear that out of a total of 250, 170 go to the communities that are adequately represented and only 80 remain for all the unrepresented communities together. A reference to the Civil List will also show that more than 75 per cent of the Gazetted appointments goes to those over-represented communities and only 25 per cent is reserved for the others. This is a matter which the Government and the Director should look into and redress at an early date. With these words, I commend the motion to the acceptance of the House.

MR. THARIATHU KUNJITHOMMEN : ഞാൻ ഈ ഉപക്ഷേപത്തെ ബലമായി പിൻതാങ്ങുന്നു. ഇവിടത്തെ ജനങ്ങൾക്കു ഏറ്റവും പ്രധാനമായ ഉപകാരമുള്ള ഒന്നാണ് ഇവിടത്തെ കൃഷിഡിപ്പാർട്ടുമെന്റ്. ഇതിൽപോലും ഇവിടെ ഭൂരിപക്ഷമുള്ള ചില വൻപിച്ച സമുദായങ്ങൾക്കു തീരെ പ്രവേശനം ലഭിക്കുന്നില്ല. ഈ ഡിപ്പാർട്ടുമെന്റിൽ ഇരുന്നൂറിയൻപതിൽശിഷ്ടം ഉദ്യോഗങ്ങളുള്ളതിൽ മുക്കാൽ പങ്കും പുരുങ്ങിയ ഒരു ജനവിഭാഗമായ സവർണ്ണരുടെ കൈവശമാണിരിക്കുന്നത്. കൃഷിത്തൊഴിലിനെ നോക്കിയാണ് അങ്ങിനെ ചെയ്തിട്ടുള്ളതെങ്കിൽ തരക്കേടില്ലായിരുന്നു. കൃഷിത്തൊഴിൽ കാലോചിതമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള വലിയൊരു ജനവിഭാഗം പുറത്തു കിടക്കുന്നുണ്ട്. അവക്ക് ഈ ഡിപ്പാർട്ടുമെന്റിൽ യാതൊരു സ്ഥാനവുമില്ല. ഇങ്ങനെ ഓരോ ഡിപ്പാർട്ടുമെന്റിന്റെ സ്ഥിതിയും നോക്കിയാൽ ഭൂരിപക്ഷമുള്ള സമുദായത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithomman.]

സ്ഥിതി വളരെ പരിതാപകരമായ ഒരു നിലയിലാണെന്നു കാണാവുന്നതാണ്. ഇന്നലെയും മിനിഞ്ഞാന്നും ഉള്ള ചോദ്യത്തിനു ഉത്തരമായി കിട്ടിയ കാസ്റ്റുവാർ സ്റ്റേറ്റുമെൻറിൽ നിന്നും ഇതു പ്രത്യക്ഷമായി മനസിലാക്കാവുന്നതാണ്. പണ്ടത്തെ സ്ഥിതിയെ ഒന്നു ഭേദപ്പെടുത്തണമെന്നുപറഞ്ഞാൽ കൂടുതൽ കൂടുതൽ പരിതാപകരമായവിധത്തിൽ അസമത്വസമുദായക്കാരെ വെളിയിൽ തള്ളിക്കൊണ്ടിരിക്കുകയാണു ചെയ്യുന്നത്. ഇതു് ഏതെങ്കിലും ഒരു സമുദായത്തിൻെറ തെറ്റാണെന്നു ഞാൻ പറയുന്നില്ല. ഉദ്യോഗസ്ഥന്മാരുടെ തെറ്റാണെന്നും പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ മനുഷ്യസാധാരണമായ സ്വാർത്ഥത ഈ ഉദ്യോഗസ്ഥന്മാർക്കും കാണുമല്ലൊ. അതുകൊണ്ടു് ഗവണ്മെൻറുതന്നെയാണ് ഇതിനു കുറ്റക്കാർ. ആഗമികങ്ങളും വിവിധങ്ങളുമായ രാഷ്ട്രീയാവകാശങ്ങളെപ്പറ്റി വാദിച്ചു് അതർഹിക്കുന്നവർക്കു വേണ്ടത്ര പ്രാധാന്യം കൊടുക്കണമെന്നും അവശസമുദായങ്ങൾക്കു പബ്ലിക്ക് സർവ്വീസിൽ പ്രവേശനം കൊടുക്കണമെന്നും ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുമ്പോൾ അതിനെ വേണ്ടവിധത്തിൽ പരിഹരിക്കാൻ ശ്രമിക്കാം എന്നുംമറുമുള്ള അനുകൂലമറുപടികളാണു് ഗവണ്മെൻറിൽനിന്നും തന്നുകൊണ്ടിരിക്കുന്നതു്. എന്നാൽ പ്രതിനിമിഷവും അതിനു വിപരീതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു് വളരെ പരിതാപകരമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിട്ടുപിരിയുമ്പോൾ അയാളുടെ സ്വന്തത്തിലുള്ള മൂന്നാലുപേരെയെങ്കിലും സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടേ പോകാവു എന്നാണ് സർവ്വപ്രധാനമായി ആഗ്രഹിക്കുന്നതു്. ആ വിധത്തിൽ ഇവിടത്തെ ഉദ്യോഗം സങ്കലനരീതിയിൽ ആയിത്തീർന്നിരിക്കയാണ്. അതായതു് ഉദ്യോഗത്തിൽ നിയമിക്കേണ്ടവരുടെ സംഖ്യ എട്ടും എട്ടും പതിനാറെന്നുള്ള കണക്കും, ഉദ്യോഗസ്ഥന്മാരുടെ സ്വന്തത്തിൽപ്പെട്ടവരുടെ സംഖ്യ എട്ടിട്ടു് അറുപത്തിനാലെന്നുള്ള കണക്കുമാണ്. ഇങ്ങിനെ ഉദ്യോഗത്തിൽനിന്നും പിരിയുന്നതിനുമുൻപു് അവരുടെ സ്വന്തത്തിലുള്ള മൂന്നാലുപേരെയെങ്കിലും അധികാരമുള്ള ഉദ്യോഗസ്ഥന്മാർ നിയമിക്കയും അതിലേക്കു് എന്തെങ്കിലും ഒരു സമാധാനം പറഞ്ഞു തള്ളുകയുംചെയ്യുന്നതു് ഇവിടെ ഒരു പതിവാണ്.

MR. K. R. NARAYANAN: ക്രിസ്ത്യൻസമുദായത്തിലുള്ള ഉദ്യോഗസ്ഥന്മാർ അങ്ങിനെ ചെയ്തിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. THARATHU KUNJITHOMMEN: ക്രസ്ത്യാനിയായാലും നായരയാലും തെറ്റ് തെറ്റുതന്നെയാണ്. ക്രസ്ത്യനുദ്യോഗസ്ഥന്മാരും ഈ വിധത്തിൽ പ്രവർത്തിക്കുന്നുണ്ട്. ക്രസ്ത്യാനികളിൽ ചില വിഭാഗക്കാരെ ഇവർ അവഗണിച്ചിട്ടുമുണ്ട്. പക്ഷെ, ആ വിധത്തിൽ ഇപ്പോൾ അവർ അധികം ചെയ്യുവരുന്നില്ലാ എന്നു തോന്നുന്നു. കണക്കുകൾ കൊണ്ട് അങ്ങനെ കാണുന്നില്ല. ഏതായാലും ഇതിനൊരു പരിഹാരം ഉണ്ടാക്കേണ്ടതു് ഗവണ്മെൻറിന്റെ ഒഴിച്ചുകൂടാത്ത ഒരു കർത്തവ്യമാണ്. എനിക്ക് ഉദ്യോഗങ്ങളൊന്നും വേണ്ട എന്റെ മക്കൾക്കുവേണ്ട എന്റെ ചാർച്ചക്കാരോ ബന്ധുക്കളൊ ആരുംതന്നെ ഉദ്യോഗസ്ഥന്മാരായിരിക്കുന്നുമില്ല. എന്നാൽ ഇതു ഞാൻ പറയുന്നതു് ഈ രാജ്യത്തു നീതിനടക്കണമെന്നുദ്ദേശിച്ചു മാത്രമാണ്. രാജ്യത്തുള്ള എല്ലാ പ്രജാവിഭാഗങ്ങളോടും സമഭാവനയോടുകൂടി പെരുമാറുകയും എല്ലാവർക്കുംനീതിയും സമാധാനവും ഉണ്ടാക്കിക്കൊടുക്കയും ചെയ്യേണ്ടതു് വളരെ അത്യാവശ്യമാണ്. ശരീരത്തിലുള്ള ഏതെങ്കിലും അവയവത്തിനു അസ്വസ്ഥത ഉണ്ടാകുമ്പോൾ അവിടെ തൈലമൊ മറ്റൊ പൂശി സുഖപ്പെട്ടത്തണമെന്നു പറഞ്ഞാൽ ആ അവയവത്തിനോടു് മാത്രം ഉള്ള പക്ഷപാതിത്വംകൊണ്ടാണു് അങ്ങനെ പറയുന്നതു് എന്നു് ആരും കരുതുകയില്ലല്ലോ. രാജ്യത്തിന്റെ ഏതുഭാഗത്തുള്ളവരായാലും അവർക്കു എതെങ്കിലും തരത്തിലുള്ള അസ്വസ്ഥത ഉണ്ടായിട്ടുണ്ടൊ എന്നു് ഗവണ്മെൻറു് നല്ലവണ്ണം ശ്രദ്ധിക്കണം. അങ്ങനെ ഏതെങ്കിലും ഒരു ജനവിഭാഗത്തിനു് അസ്വസ്ഥത ഉണ്ടെങ്കിൽ അതിനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഞങ്ങൾ എപ്പോഴും തയ്യാറാണ്. പിന്നോക്കം നിൽക്കുന്ന സമുദായക്കാരുടെ കാര്യം ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. അവർ ഒരുകാലത്തു അടിമതത്തിൽ കഴിഞ്ഞുകൂടിയിരുന്നവരാണ് എന്നാൽ ഇപ്പോൾ അവരുടെയിടയിലും വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ ഉള്ളതുകൊണ്ടു് അവരുടെ കാര്യം പ്രത്യേകം ഗണിക്കേണ്ടതു് അത്യാവശ്യവുമാണു്. ഇപ്പോൾ അവർ ഒരു പാർട്ടിയായിനിന്നുകൊണ്ടു് ചില സമുദായങ്ങളെ എതിർക്കുന്നുണ്ടായിരിക്കാം. എന്നാലും അവരുടെ പക്ഷം ശരിയായി അവർക്കു കൊടുക്കുകതന്നെവേണം. ഈ രാജ്യത്തു വിവിധ വർഗ്ഗക്കാരും സമുദായങ്ങളും ഉണ്ടു്. വിവിധങ്ങളായ അവയവങ്ങൾ ചെർന്നു് ശരീരമുണ്ടാകുന്നതുപോലെ സമുദായങ്ങളുടെ സമൂഹം ചേർന്നാണു പൗരശരീരമുണ്ടാകുന്നതു്. ഇതിൽ ഏതെങ്കിലും ഒരവയവത്തിനു ദോഷം സംഭവിച്ചാൽ അതിനെ പ്രത്യേകം സൂക്ഷിക്കേണ്ടതത്യാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen.]

വശ്യംതന്നെയാണ്. അതുപോലെ എല്ലാവർക്കുംകൂടി ഒരുപോലെയുള്ള നീതി ലഭിക്കണം. ഉദ്യോഗസ്ഥന്മാർ അതിനെ അവഗണിക്കുന്നുവെങ്കിൽ അവരെ മാതൃകായോഗ്യമായവിധത്തിൽ ശിക്ഷിക്കണം. എനിക്ക് ഒരു വ്യക്തിയോടും വിരോധമില്ല; ഒരു സമുദായത്തിനോടും വിരോധമില്ല. നീതിനടത്തണമെന്നു മാത്രമേ എനിക്കഭിപ്രായമുള്ളൂ. ഈ കാര്യത്തിലും ഇതുപോലെയുള്ള മറ്റു സകല കാര്യങ്ങളിലും കാണിച്ചുവരുന്ന അനീതിയെ അടിച്ചമർത്തുന്നതിന് ഗവണ്മെൻറിന്റെ എല്ലാശക്തികളും ഉപയോഗിക്കണമെന്ന് ഉത്ബോധിപ്പിച്ചുകൊണ്ട് തൽക്കാലം വിരമിച്ചുകൊള്ളുന്നു.

MR. T. M. VARUGHESE (*Pattanamthitta*): Sir, I support this motion. In supporting this motion, I wish to avail myself of this opportunity to offer a few remarks that will apply generally to all Departments including the Agricultural Department. But I shall not stray from points that may be accepted as strictly relevant to the question before the House.

I would in the first place emphasise the need on the part of the Government to show by their actions and pronouncements an attitude of sympathy with the aspirations of the communities complaining about their being denied their share of what they consider to be their fundamental rights. To me it appears that the real question resolves itself into one or two points. Do the Government really feel that these inequalities complained of constitute a defect that should be remedied, an evil that should be rectified or eradicated? If so, the earlier it is removed the better it is for all concerned. If it is a defect, the sooner it is remedied the more desirable it will be for all parties concerned; for the Government and for all the sections of the people.

Then again, there is another side of the question and that is this. Are the communities who feel discontented, who feel that there is a grievance to be redressed, asking for a recognition of their rights or are they asking for the grant of a favour? These communities believe they are asking for the recognition of their rights and not for the grant of a favour. If that is so, the denial of that right is a positive wrong on the part of the Government and there will be absolutely no justification for the Government to commit that wrong or to perpetuate it for any length of time. I do not think these communities will ask the Government to attempt the impossible. Unavoidable delays that may be incidental to the solution of a long-standing problem, a vexed problem, will certainly be looked upon by these communities as really incidental to a satisfactory solution. Everything I believe, depends upon the spirit and the way in which the Government is approaching the

LIBRARY ARCHIVES Kerala Legislative Assembly

question. If they really feel that these inequalities constitute an evil and should therefore be removed as early as possible, the Government could not at the same time feel that it is an accretion to the body politic due to historical reasons should be maintained as long as it can possibly be or until the Government find that it could no longer continue it with safety. If the Government approach the question in a spirit of toleration, in a spirit of sympathy to all parties concerned I am sure these communities will be prepared to bear with the Government and wait patiently. Efficiency, for that matter, should never be resorted to for the purpose of excluding any community or individual. Character and capacity which to my mind are the main ingredients of efficiency should certainly be taken into consideration in the matter of appointments. Considering the nature of the country, the advancement of education here and other conditions prevailing, I do not think the principle of efficiency should ever be taken to be inconsistant with the principle of satisfying the legitimate claims of all communities.

There is enoughh education spread in the country to enable the different communities to realise the extent of their rights and the natural or artificial limitations put upon those rights. They therefore resent any fresh encroachments on their rights and refuse to submit to any old encroachments whatever be their duration. Sir, this in short, is the principle underlying the plea for communal representation in public services. It certainly behoves the Government to definitely and unequivocally pronounce their views on the matter and unreservedly attempt to remove the evils that still persist. Sir, if this is done there will be an end of this vexed problem and in this I am sure the Government will receive the wholehearted support of all sections of His Highness's subjects in so far as it is conducive to good feeling and harmony among the different communities and is calculated to ensure prosperity and contentment in the country.

MR. K. P. KOCHUKORA THARAKAN: സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. നാലുകൊല്ലത്തിനുമുമ്പേ കൃഷിഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ളവരുടെ ഒരു ലിസ്റ്റ് ചോദിച്ചതിനു ഗവൺമെൻറ് ജൂലായി മാസം-നാം- നൽകിയ മറുപടിയിൽ അതുകൊണ്ട ഉദ്യോഗങ്ങളുള്ളതിൽ ഗവൺ ബ്രാഹ്മണരും ഗവൺമെൻറ് നായന്മാരും ൻ ഈഴവരും മുപ്പുലയരും മുൻ മറ്റു ഹിന്ദുക്കളും നാ മുസ്ലീങ്ങളും ക്രസ്ത്യാനികളുടെ ക്രട്ടത്തിൽ ഉ, ജേക്കബൈമറും ൻ മാത്തോമ്മയും നാ സിറിയൻകാത്തലിക്സും ഗവ ലാറിൻകാത്തലിക്സും ര സൗത്തിന്ത്യൻ യുണൈറ്റഡ് ചർച്ചും ന്യ മറു ക്രസ്ത്യാനികളുമുണ്ടെന്നു പറഞ്ഞിരിക്കുന്നു. ഇതു സവർണമേധാവിത്വത്തിൻെറ ഫലമാണെന്നു ഞാൻ ധൈര്യസമേതം പറഞ്ഞുകൊള്ളുന്നു. അതുപോലെതന്നെ അതോടുകൂടിതന്ന മറെറാരു ലിസ്റ്റിൽ ഞതായതു അടുത്ത മുൻ ര കൊല്ലത്തെ നിയമനം പറഞ്ഞിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr K. P. Kochukora Tharakan.]

ന്നത് ൪ ബ്രാഹ്മണർക്കും ൯ നായന്മാക്കും ൧ ഈഴവർക്കും ൧൦ മറുഹിന്ദുക്കൾക്കും ൨ മുസ്ലീങ്ങൾക്കും ഒരു മാത്തോമ്മക്കും ഒരു സിറിയൻകാത്തലിക്സിനും ൮ ലാറിൻകാത്തലിക്സിനും ഒരു മറ്റു ക്രസ്ത്യാനിക്കും ഉദ്യോഗം നൽകിയിട്ടുണ്ടെന്നാണ്. ഇങ്ങനെവർഗ്ഗീയപരമായ നിയമങ്ങൾ അതതുഡിപ്പാർട്ടുമെൻറ് മേലദ്ധ്യക്ഷന്മാർ നടത്തുന്നുണ്ടെന്നുള്ളതിന് ഇതിൽപരമായ ഒരു തെളിവാവശ്യമില്ല. ഞാൻ ഇപ്പോൾ പറഞ്ഞതു ഗവണ്മെൻറിക്കാർഡിൽനിന്നുമാണ്. സമുദായപ്രാതിനിധ്യത്തത്വം സ്വീകരിക്കേണ്ട ആവശ്യകതയെപ്പറ്റി അവശസമുദായത്തിലുൾപ്പെട്ട ആരെങ്കിലും പറഞ്ഞാൽ അതു നിയമനാധികാരികൾക്ക് അത്ര സന്തോഷമായിക്കാണുന്നില്ല. അവരുടെ സന്തോഷത്തേയോ മറുമനോഭാവത്തേയോ ഞങ്ങൾ പ്രധാനമായി കരുതുന്നില്ല. ഞങ്ങളുടെ ന്യായമായ സാമുദായികവകാശങ്ങൾ വാങ്ങിക്കുന്നതിനു ഞങ്ങളുടെ നിയോജകമണ്ഡലങ്ങളോട് ഞങ്ങൾക്കുള്ള ഉത്തരവാദിത്വത്തെമാത്രമേ ഞങ്ങൾ കരുതുന്നുള്ളൂ. അതിൽ ആരെല്ലാം മുഷിഞ്ഞാലും ഞങ്ങളുടെ ആവശ്യം ഞങ്ങൾ തുറന്നു പറയുകതന്നെചെയ്യും.

ഞാൻ ആദ്യം വായിച്ചു ലിസ്റ്റുനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയതു ഇന്നിവിടെയിരിക്കുന്ന ഒരു വലിയ ഉദ്യോഗസ്ഥനാണെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. കഴിഞ്ഞകഥകളെപ്പറ്റി പറഞ്ഞ് സമയംകളയേണ്ട ആവശ്യമില്ലെന്നു ഞാൻ വിചാരിക്കുന്നു മേലാലെങ്കിലും ഇപ്പോഴത്തെ പുതിയ കൃഷിഡയക്ടർ ഈവകകാര്യങ്ങളെയെല്ലാം ഓർത്തു് അക്രമപരമായ നിയമനംകൊണ്ടു് ഡിപ്പാർട്ടുമെൻറിനെ നിറക്കാനൊ മലിനപ്പെടുത്തുവാനൊ ഉത്സാഹിക്കാതെ സമുദായനീതി നടത്തണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇപ്പോഴത്തെ ഡയറക്ടർ ഒരു ചെറുപ്പക്കാരനും നല്ലനിലയിൽ ഉയന്നുവരുന്ന ഒരു ഉദ്യോഗസ്ഥനും നീതിമാനും ആണെന്നു് എനിക്കു് യഥാർത്ഥമായി അറിയാവുന്നതുകൊണ്ടു് മേലാൽ കൃഷിഡിപ്പാർട്ടുമെൻറിൽ സാമുദായികപക്ഷപാതപരമായ നിയമനങ്ങൾ ഉണ്ടാവുകയില്ലെന്നു വിശ്വസിക്കുന്നു. ഇങ്ങനെ ഒരു സത്യവാനും നീതിജ്ഞനുമായ ഒരാളിനെ കൃഷിഡയറക്ടരായിനിയമിച്ചതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊള്ളുന്നു. അതുകൊണ്ടു് ഗവണ്മെൻറു് സമുദായപ്രാതിനിധ്യത്തിൻെറ ആവശ്യകതയും ഞങ്ങൾ അനുഭവിക്കുന്ന ഈ സമത്വത്തിൻെറ ബാഹുല്യത്തേയും നല്ലപോലെ മനസ്സിലാക്കി ഈ വി

LIBRARY ARCHIVES Kerala Legislative Assembly

ഷമങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കിത്തരണമെന്ന ഉൽബോധിപ്പിച്ചു കൊണ്ട് വിരമിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI: സർ, സമുദായപ്രാതിനിധ്യവാദം ഓരോ ഡിപ്പാർട്ടുമെൻറിൻെറ ഗ്രാൻറുവരുമ്പോഴും ഇവിടെ ഉടൻച്ചയായിവന്നു കൊണ്ടിരിക്കുന്നു. ഈ വാദപ്രതിവാദം കുറെകാലത്തേക്കുകൂടി നീണ്ടു നിൽക്കുമെന്നുതന്നെയാണ് എൻെറ പൂർണ്ണമായ വിശ്വാസം. ഇതിൽ അടങ്ങിയിട്ടുള്ള ദോഷം ഏവിടെയാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. സമുദായം എന്നോ മതം എന്നോ പറയുന്നതിനു തിരുവിതാംകൂറിൽ ഒരർത്ഥവുമില്ലാതാണ് വന്നിരിക്കുന്നത്. കുസ്തുാനി എന്നു പറയുമ്പോൾ നാടാൻ എന്നും നാടാൻ എന്നു പറയുമ്പോഴും നാടാൻ എന്നും വ്യാഖ്യാനിക്കാറുണ്ട്. അതായത് ഫീസ്കൺസെഷൻവരുന്ന അവസരത്തിൽ നാടാനെന്നും അല്ലാത്തസമയത്തിൽ കുസ്തുാനിയെന്നും വാദിച്ചുവരുന്ന ഒരു നിലയാണിവിടെ കാണുന്നത്. സമുദായങ്ങളുടെ ഗ്രൂപ്പിങ്ങിലാണു ഇതിൻെറ തെറ്റു കിടക്കുന്നത്, എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. നായന്മാരെ എടുക്കുകയാണെങ്കിൽ ഇല്ലം, സചുരുപം, പാദമംഗലം, മണിഗ്രാമം ഇങ്ങനെ പലതും ബ്രാഹ്മണരെ എടുക്കുകയാണെങ്കിൽ അയ്യർ, അയ്യങ്കാർ, മുക്കണി ഇങ്ങനെ പലതും മഹമ്മദീയരെ എടുക്കുകയാണെങ്കിൽ മേത്തൻ, പട്ടാണി, റാവുത്തർ ഇങ്ങനെ പലതും കുസ്തുാനികളെ എടുക്കുകയാണെങ്കിൽ മാത്തോമ്മാ, ജാക്കബൈറ്റ്, സിറിയൻകാത്തലിക്സ് ഇങ്ങനെ പലതും ഉപവിഭാഗങ്ങളുള്ളതായികാണാം. ഒരു പത്തുകൊല്ലത്തിനുമുമ്പു ഞാൻ മുൻസിപ്പൽപ്രസിഡൻറായിരുന്ന കാലത്തു് ഈ ഗ്രൂപ്പിങ്ങിനെ സംബന്ധിച്ചു് ഗവണ്മെൻറു് എൻെറ അഭിപ്രായം ചോദിക്കുകയും ഞാൻ എൻെറ അഭിപ്രായം തുറന്നു എഴുതി അയക്കുകയും ചെയ്തു. എന്നാൽ അന്നത്തെ ഗവണ്മെൻറു് യാതൊന്നും ഗൗനിക്കാതെ ഒരു ഗ്രൂപ്പിങ്ങ് നിശ്ചയിച്ചു. ആ ഗ്രൂപ്പിങ്ങാണ് ഇന്നു പബ്ലിക്ക്സർവീസ് കമ്മീഷണരും ഉദ്യോഗസ്ഥലോകവും അംഗീകരിക്കുന്നത്. സമുദായപ്രാതിനിധ്യമനുസരിച്ചുള്ള ഉദ്യോഗങ്ങൾ കൊടുക്കുന്നതിൽ യാതൊരു കുറവുമില്ല. എന്നാൽ ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെയുള്ള വിഭാഗങ്ങളേയുംകൂടി ചേർത്തു് മലയിലുള്ള കാണിക്കാരെയും തെക്കൻതിരുവിതാംകൂറിലുള്ള അരയന്മാരേ ലാത്തിൻ കത്തോലിക്കാരുടെ കൂട്ടത്തിലും ചേർത്തു് ഒരു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ലിസ്റ്റ് സമർപ്പിച്ചാൽ അതനുസരിച്ച നമുക്ക് നടക്കാം. ഇങ്ങനെ ചെയ്താൽ നായർപട്ടാളംകൂടി ഉദ്യോഗങ്ങളുടെ ക്വട്ടത്തിൽ ചേർത്ത് എല്ലാസമുദായക്കാരെയും നിയമിക്കുന്നതു യാതൊരു സങ്കടവും ആർക്കും വരാനില്ല.

കൃഷിഡിപ്പാർട്ടുമെൻറിലെ ഈ ഉപക്ഷേപത്തിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടിപ്രസിഡൻറ് അവർകൾ കുറച്ചുമാറിയിട്ട് ചില നിർദ്ദേശങ്ങൾ കൊണ്ടുവന്നതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞതു്. ഈ വാദത്തിലെ ശരങ്ങൾ നന്നായി എനിക്കു കൊള്ളുന്നുണ്ടു്. അതു സഹിക്കാൻവയ്യാതെ ഞാൻ എന്നെ മറന്നു എന്തെങ്കിലും ചെയ്തുയോ അല്ലെങ്കിൽ ഈ സഭയിൽനിന്നിറങ്ങി ഓടിക്കളയുകയോ ചെയ്യാതെ എന്നെ രക്ഷിക്കത്തക്കവണ്ണം പ്രവർത്തിക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. H. B. MAHAMED ROWTHER: മേത്തനെന്നും പട്ടാണി എന്നും റാവുത്തരെന്നും ബഹുമാനപ്പെട്ട മെമ്പർ മൻസിപ്പാൽപ്രസിഡൻറ് ആയിരുന്നകാലത്തു് ലിസ്റ്റ് തയ്യാറാക്കി അയച്ചിട്ടുണ്ടോ?

MR. T. C. KESAVA PILLAI : അവരിൽനിന്നെല്ലാം അപേക്ഷകിട്ടിയിട്ടുണ്ടു്.

MR. P. K. KUNJU : സർ, ഞാൻ ഈ ഉപക്ഷേപത്തെ ഹൃദയപൂർവം അനുകൂലിക്കുന്നു. വർഗ്ഗീയപ്രാതിനിധ്യവാദം സ്വീകരിക്കേണ്ട ആവശ്യകതയെക്കുറിച്ചും ചില പ്രത്യേകവർഗ്ഗക്കാർ അപഹരിച്ചുവച്ചിരിക്കുന്ന മേധാവിത്വത്തെക്കുറിച്ചും ഇവിടെ ചില ദിവസങ്ങൾകൊണ്ടു മുഴക്കുന്ന ശബ്ദങ്ങൾ നാമെല്ലാം കേട്ടുകഴിഞ്ഞിരിക്കയാണു്. അതേവിഷയത്തെക്കുറിച്ചുതന്നെ ഇനിയും സവിസ്തരം എന്തെങ്കിലും പറയുന്നതു് ഒരുവേള അസ്ഥാനസ്ഥിതമായേക്കുമെന്നും എനിക്കു് സംശയമുണ്ടു് എന്നാൽ ആവശ്യത്തിൻെറ ക്വട്ടത്തൽ ഇടക്കിടക്കുണ്ടാകുമ്പോൾ ഇതിനെപ്പറ്റി പറയുന്നതിനുള്ള നർബ്ബന്ധം വന്നുകൂടുന്നു.

ഇവിടത്തെ ഉദ്യോഗസ്ഥലോകത്തു് ചില പ്രത്യേകജാതിക്കാർക്കുള്ള ക്വട്ടത്തൽ പ്രാതിനിധ്യത്തേയും ചില ക്വട്ടർക്കു് പ്രവേശിക്കാൻ പാടില്ലാത്തവണ്ണമുള്ള തടസ്സത്തേയും കുറിച്ചുപറഞ്ഞു് നീതി നടത്തണമെന്നാവശ്യപ്പെടുന്നതിനു ജനപ്രതിനിധികൾ എഴുന്നേറുനിൽക്കുമ്പോൾ അനീതിനടത്തി തെളിഞ്ഞിരിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ ചില പുച്ഛമായ ചിരിയും നോട്ടവും കാണിക്കുന്നതുകാണാൻ എനിയ്ക്കിടയായതുകൊ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാണെ ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിനു ഇപ്പോൾ എഴുന്നേറ്റത്.

തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരെല്ലാം ഏകഛത്രാധിപതികളാണെന്നും ചെങ്കോലില്ലാത്ത ചക്രവർത്തികളാണെന്നുമുള്ള ഒരു വയ്പുള്ളതുകൊണ്ട് ഇവിടെവന്ന് എന്തഴിമതികളും ഏതുരൂപത്തിലും എപ്പോഴും ചെയ്യാമെന്നു വിചാരിക്കുന്നതായി കാണുന്നുണ്ട്.

MR. A. THANU PILLAI: Sir, on a point or order. In a debate on a motion like this should not general observations relating to representations be restricted to the matter immediately under discussion?

PRESIDENT: Yes. But it is very difficult to draw a liine. The Honourable member should realise that most of these observations are made either as introductory or prefatory to the topic under discussion *i. e.* the defects in the administration of the Agricultural Department.

MR. P. K. KUNJU: പ്രതിപാദനവിഷയത്തിലിരിക്കുന്ന കൃഷിഡിപ്പാർട്ടുമെൻറിലുള്ള സമുദായപ്രാതിനിധ്യക്കുറവിനെ ഉദാഹരിച്ചുകാണിക്കുവാനാണ് ഞാൻ ഈ കായ്ക്കളെല്ലാം പറഞ്ഞത്. ഇവിടത്തെ ഉദ്യോഗങ്ങൾ മിക്കവാറും ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ മരുമക്കൾക്കും, മക്കൾക്കും, ബന്ധുക്കൾക്കും, ബന്ധുക്കളുടെ വേഴ്ചക്കാർക്കും, വേഴ്ചക്കാരുടെ ചാർച്ചക്കാക്കും, ചാർച്ചക്കാരുടെ സ്നേഹിതന്മാക്കും, സ്നേഹിതന്മാരുടെ ജാതിക്കാക്കും അയിഭാഗിച്ചുവച്ചിരിക്കുന്ന നയം തരേ ഞുശാസ്യമല്ല എന്നു പറയുവാൻവേണ്ടി ഞാൻ ഈ സംഗതിതളെല്ലാം പ്രതിപാദിച്ചതാണ്. ഞാൻഉൾപ്പെട്ടിരിക്കുന്ന മുസ്ലീംസമുദായത്തിൽനിന്നും കൃഷിഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണം കേട്ടപ്പോൾ വാസ്തവത്തിൽ എനിക്കുതന്നെ ലജ്ജയുണ്ടായി. കായ്ക്ഷമതാവാദം സ്വീകരിച്ചിരിക്കുന്നു എന്നുള്ള പൊള്ളസമാധാനം പറയുമ്പോൾ കൃഷിഡിപ്പാർട്ടുമെൻറിലും വ്യവസായഡിപ്പാർട്ടുമെൻറിലുമുള്ള കായ്ക്ഷമതക്ക് മുസ്ലീമിനു സ്ഥാനമില്ലാതെ പോയതു് അത്ഭുതമായിരിക്കുന്നു. ഇതിലേക്ക് ഇനിയെങ്കിലും ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. E. J. PHILIPHOSE: Sir, it is with great pain but with deep feeling and profound conviction that I stand up to add a few remarks on this question of communal representation in the public service in general. Sir, we, the members of the Samyukta party, have been returned on the ticket of communal representation in the public service, and we are here to urge upon the attention of the Government the necessity of recognising this demand so that, to a very large extent, communal harmony and general public interests may prevail in this

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. G. Philiphose.]

country. Sir, I was born and bred in this town and have acquired abiding friendships among various communities. Nevertheless I feel convinced of the necessity for communal representation in the public service. Such conviction is born of the fact that I feel and believe that, as between the different communities, understanding and good will cannot prevail unless there is proper redress of this grievance of certain communities. Sir, realising the seriousness and gravity with which we make this demand, it has been a sore point with us that throughout the discussion of the budget, whenever this question was raised, there has been sarcastic and ironic attitude on the part of the members of the treasury benches. On previous occasions, there has been at least some demonstration of sympathy from them towards this demand of ours. Is it because that we represent 56 per cent of the total population, is it because we are so much in number, that our demand is being treated with such scant respect?

Sir, to those who say that, on principle, communal representation in the public service should be objected to since it is against the spirit of nationalism, and patriotism to those I say that, in spite of the noble and elevated principles advocated by such gentlemen, it cannot be denied that there is in the country communal divisions among the population. After all, what is there unnational in recognising communal divisions in the public service? What is federation? If Australia can be one nation, if the United States of America can be one nation, is there anything unnational in the recognition of communal divisions in this small State of Travancore? Federation is nothing more than an attempt at unity among diverse units. In this country, it has been laid bare that divisions of this nature do exist. It has been laid bare that these divisions have been clamouring for recognition. It has been laid bare that, with the persistent denial of such recognition of these divisions, these divisions have only been more and more clarified and multiplied. Sir, why not solve this problem once for all? I urge and plead for and invite the sympathetic consideration and immediate attention of Government to this problem. Sooner or later, the sooner the better, I hope the Dewan will make a statemant and thus appease our anxiety and allay our fears. Till now, we have had absolutely no indication of the attitude of the Dewan towards this problem, nothing even in the shape of an expression of sympathy towards our demand. I hope that this attitude on the part of the Government will not prevail for any long time.

MR. V. CHANDAMIAH Sir, in my humble opinion a jin has come into the country and has possessed us. It has taken root in us. When the present Chief Secretary was Director of Agriculture some years ago, he gave an appointment to a Muslim whom I recommended, in his department. He was not in any way related to the Chief Secretary; he was a Muslim and not a Nayar. A few years ago, in consideration of the services which he rendered to the Chief Secretary while he was Land Revenue Commissioner, the Chief

LIBRARY ARCHIVES Kerala Legislative Assembly

Secretary gave my son-in-law a Police Inspector's post. Sir, in what way is he related to the Chief Secretary? As I said, I am a Muslim and the Chief Secretary is a Nayar. I claim that we have been encouraged by the Government in consideration of our past services. Sir, we know of no other profession except real service. We are not businessmen. I am very sorry, Sir, that the jin of communal representation is being allowed to do so much havoc in the country. The sooner we exercised the jin the better for the country. I look up to you, Sir, to drive this devil (communalism) from the country and bring about peace and prosperity to the country.

MR. K. R NARAYANAN : സർ, മറെറല്ലാ ഡിപ്പാർട്ടുമെൻറിനെയും കാൾ കൃഷിഡിപ്പാർട്ടുമെൻറിൽ സമുദായപ്രാതിനിധ്യം വേണമെന്നു വാദിക്കുവാൻ എനിക്കു വളരെ സന്തോഷമുണ്ട്. കൃഷിഡിപ്പാർട്ടുമെൻറും ഫിഷറിഡിപ്പാർട്ടുമെൻറും പിന്നാക്കം നിൽക്കുന്ന സമുദായക്കാരുടെ വകയാണെന്നുപറയുന്നതിൽ അശേഷം അബദ്ധമില്ല. ഇവിടെയുള്ള ഉൽക്കൃഷ്ടസമുദായക്കാരെന്നു പറയുന്ന ആളുകൾക്കു കൃഷി എന്നു പറഞ്ഞാൽ അങ്ങാടിമരുന്നോ പച്ചമരുന്നോ എന്നു് അറിയാൻ പാടില്ല. പുലയർ, പറയർ മുതലായ ആളുകൾ പ്രധാനമായും എൻെറ സമുദായക്കാർ സാമന്യമായും മറവുള്ളവർ വളരെ അപൂർവമായും ആണു കൃഷി ചെയ്യുന്നതു് എന്നുപറഞ്ഞാൽ അതു് ഒരു നേരുമാത്രമാണു്. അങ്ങിനെയുള്ള സമുദായക്കാക്കു് ഈ ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യംവേണമെന്നു പറയുന്നതു് വെറും നീതിമാത്രമാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഫിഷറി ഡിപ്പാർട്ടുമെൻറിൽ അതുസംബന്ധിച്ചു കൈകാര്യം ചെയ്യുന്ന അരയന്മാർക്കു് വേണ്ടിടത്തോളമുള്ള പ്രാതിനിധ്യം കൊടുത്തതിനുശേഷം മാത്രമേ മറവുള്ളവർക്കു് പ്രാതിനിധ്യം കൊടുക്കാവൂ എന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. ഇപ്പോൾ അങ്ങിനെയുണ്ടോ എന്നു് സൂക്ഷ്മമായി അറിഞ്ഞുകൂടാ. ഇവിടെയും അതുപോലെ ഏതെങ്കിലും തരത്തിലുള്ള ഒരു വ്യവസ്ഥചെയ്തു സമുദായികനീതി പാലിക്കേണ്ടതാണെന്നാണു് എൻെറ അഭിപ്രായം. ഇപ്പോഴത്തെ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷനെ തിരഞ്ഞെടുത്ത സന്ദർഭത്തിൽ ഞങ്ങളുടെ സമുദായത്തോടു ചെയ്യാൻ കഴിയുന്നതിൽ വലിയ അനീതിയും അക്രമവുമാണു കാണിച്ചിട്ടുള്ളതെന്നു് പറയാതിരിക്കാൻ തരമില്ല. സ്വന്തം പണം ചെലവുചെയ്തു വെളിക്കുപോയി ആവശ്യമുള്ള അഭ്യസനവും കഴിച്ചു് തിരുവിതാംകൂർ ഗവണ്മെൻറിൻെറ പരിപൂർണ്ണമായ തൃപ്തിയും സമ്പാദിച്ചുകൊണ്ടിരിക്കുന്ന ന്യായമായ ഒരവകാശിയെ ഇതിൻെറ മേലദ്ധ്യക്ഷനാക്കാതിരിക്കയും അദ്ദേഹത്തിൻെറ തുല്യസമത്വംപോലും ഇല്ലാത്ത ഒരാളെ ഡിപ്പാർട്ടുമെൻറിൻെറ അദ്ധ്യ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷനായിനിയമിക്കുകയും ചെയ്യുന്നതു് കാര്യക്ഷമത ഇല്ലാത്തതുകൊണ്ടാണു് എന്നുള്ള ഭഗവൽഗീത പറഞ്ഞാൽ അതിന്റെ അർത്ഥം മനസ്സിലാക്കുവാൻകുറെ അധികം വിഷമമായിരിക്കുന്നു. മി. ടി. സി. കേശവപിള്ള സമുദായത്തിനോടു ഈ സന്ദർഭത്തിൽ കാണിച്ച അനുഭാവമനസ്ഥിതിക്കു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. ഇവിടെ ഒരു സമുദായത്തെയും ഉപദ്രവിക്കണമെന്നു ഞങ്ങൾക്കു് ആഗ്രഹമില്ല. ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടണമെന്നും ഞങ്ങൾക്കു് അഭിപ്രായമില്ല. പറയാത്തകാര്യം പറഞ്ഞുകൊണ്ടു വാദത്തിനുവേണ്ടി വാദമുഖമുണ്ടാക്കുന്നരീതിയിൽ അത്ഭുതം തോന്നുന്നു. ഞങ്ങൾ സമുദായവാദം ചെയ്യുവാനുള്ള കാരണം എന്താണെന്നുള്ളതിനു് ഈവക വാദങ്ങൾമാത്രം എടുത്തുനോക്കിയാൽമതിയാകും. ഇവിടെ ഉദ്യോഗപ്രാതിനിധ്യം ഒട്ടുമില്ലാത്തവർ, നാമമാത്രമുള്ളവർ, അമിതമായ പ്രാതിനിധ്യമുള്ളവർ എന്നിങ്ങനെ മൂന്നു സെറുകാരാണുള്ളതു്. ഫാം സെറിൽപെടുന്നവർ പുലയർ, പറയർ, ഉള്ളാടന്മാർ, നായാടികൾ മുതലായവരാണു്. ഉദ്യോഗനിയമനസന്ദർഭങ്ങളിൽ ഇവരുടെ ആരുടെയെങ്കിലും അപേക്ഷ വരുമ്പോൾ അവർക്കു കൊടുത്തേതീരൂ. എന്റെ സമുദായത്തിലുള്ളവരുടെയും മി. കേശവശാസ്ത്രിയുടെ സമുദായത്തിലുള്ളവരുടെയും അപേക്ഷകൾ ഒരുമിച്ചു് ഒരു ഡിപ്പാർട്ടുമെന്റിൽ വന്നാൽ യോഗ്യതസമമാണെങ്കിൽ മി. കേശവശാസ്ത്രിയുടെ സമുദായത്തിലുൾപ്പെട്ട ആളുകളെ എടുക്കാൻ ഞങ്ങൾക്കു പൂർണ്ണസമ്മതമാണു്. എന്നാൽ ഞങ്ങളുടെ സമുദായത്തിൽപെട്ടവരെക്കൂടി എടുക്കണമെന്നും അങ്ങിനെ പ്രാതിനിധ്യം പോരാതെയിരിക്കുന്ന സമുദായക്കാർക്കു ശരിയായ പ്രാതിനിധ്യംകൂടി കൊടുക്കണമെന്നും മാത്രമേ ഞങ്ങൾ പറയുന്നുള്ളൂ. ഈ നീതി—പരമമായ ഈ നീതി—ചെയ്യാൻ ഇന്നു പ്രാതിനിധ്യംകുറഞ്ഞവർക്കു സമ്മതമുണ്ടോ? സമുദായമില്ലെന്നോ മതമില്ലെന്നോ പറയുന്നതു് തൽക്കാലസ്ഥിതിക്കു ഭൂഷണമായാണു്. സമുദായവും മതവും വേണ്ട എന്നു പറഞ്ഞാൽ അതിനും ഞങ്ങൾക്കു വളരെ സമ്മതമാണു്. സമുദായവും മതവും ഉണ്ടെന്നു പറയുന്നിടത്തോളംകാലം—സമുദായവുമതവും നിലനിൽക്കുന്നിടത്തോളംകാലം—ഓരോ സമുദായത്തിനും മതത്തിനു അവകാശമുള്ള പ്രാതിനിധ്യം കൊടുക്കണമെന്നു പറയുന്നതു് വെറും സമുദായനീതിമാത്രമാണെല്ലോ. വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ നിയമസഭ നടന്നുകൊണ്ടിരിക്കുന്നു എന്നു പറയുന്നതുപോലെ സത്യമാണു ഇവിടെ സമു

LIBRARY ARCHIVES Kerala Legislative Assembly

ദായമുണ്ടെന്നും ചില സമുദായക്കാർ അമിതമായ പ്രാതിനിധ്യം വഹിക്കുന്നുവെന്നും പറയുന്നതു്. ഈ സത്യം ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ മനസ്സിലാക്കണം. അവർ ഇതു മനസ്സിലാക്കി ഒട്ടുമില്ലാത്തവർക്കു് ധാരാളം കൊടുക്കുക, പോരാത്തവർക്കു അതു നികത്തിക്കൊടുക്കുക, ഹിമാലയാ പർവതംപോലെ ഉദ്യോഗംവെച്ചുകൊണ്ടിരിക്കുന്നവരെ ഒരു നിരപ്പുവരുന്നതുവരെ കൊടുക്കാതിരിക്കുക, ഇതാണു് ഇന്നു് അവശ്യം ചെയ്യേണ്ടിയിരിക്കുന്നതു്. എല്ലാ സമുദായങ്ങളുടെയും സുഖസൗകര്യങ്ങൾ കാംക്ഷിക്കുന്ന ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ഞാൻ മുമ്പു് പറഞ്ഞരീതിയിൽ കുന്നും കുഴിയും കടലും തോട്ടമായി കിടക്കുന്ന പബ്ലിക്കു് സർവീസിനെ നികത്തി ശരിപ്പെടുത്തി കാമ്യമാക്കുമെന്നതന്നെ വിശ്വസിക്കുന്നു. മി. ടി. സി. കേശവപിള്ള സമുദായപ്രാതിനിധ്യവാദത്തോടു കാണിച്ച അനുഭാവമനോഭാവത്തിനു ഞാൻ ഒരുവർത്തികൂടി നന്ദിപറയുന്നു.

MR. P. KUNJUKRISHNAN: Sir, I rise to support the motion. From the list that has been read out it is found that, out of a total of 253 officers in this department, there are only nine Ezhavas.

PRESIDENT: The honourable member should cut short his remarks; because, I have to give room for one or two members more; the Director of Agriculture must also get an opportunity to reply; and the proceedings must come to a close at 5 o' clock.

MR. P. KUNJUKRISHNAN: I have just pointed out the fact that the Ezhava community is very inadequately represented in this department as in other departments in the State. Nobody wants that the existing hands in this department or in the other departments should be dismissed or removed from service and their places filled by persons belonging to the inadequately represented or unrepresented communities. Sir, it is admitted even by the opposers of the principle of communal representation that certain communities form the majority in the public services in general and in this department in particular and it is argued that it is due to historical reasons. But does it mean that those historical reasons should deprive the inadequately represented communities of their due share for all time to come? On the contrary, the historical reasons and the present advantageous positions of certain communities only point out the urgent necessity and the propriety of the unrepresented communities getting their due share in the public services. As I said none need be dismissed from service. But, why not appoint qualified hands belonging to the unrepresented communities whenever opportunities occur? That is my submission. Communities like Ezhavas deserve special consideration because they have been practically shut out from the public services for decades that have gone by.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan.]

There is just one point to which I would like to draw the pointed attention of the Government. Several motions have been move in this House with a view to press communal claims; and none of them has been carried. They have all been lost. Does that mean that this House does not accept the principle of communal representation? It does not. To ascertain the real sense of the House, to ascertain public opinion on the matter correctly, the official members and the nominated members must be excluded, and then votes taken. It is only then that we can get the real opinion of the chosen representatives of the people.

If voting is then taken on the topic I am soure that a true conclusion can be arrived at on the point. That will really be the sense of the House and the sense of the people at large in the country. So, I would urge on the Government the necessity of unrepresented communities like the Ezhavas being represented in this Department as well as in other Departments in proportion to their population.

MR. T. T. KESAVAN SASTRI : സർ, സമുദായപ്രാതിനിധ്യവാദത്തെ പ്രകാശിപ്പിക്കാവുന്ന ഈ ഉപക്ഷേപത്തിന്റെ പിന്നിൽ നിന്നുകൊണ്ടു ചിലപ്രധാനസംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. പാർട്ടിയുടെപേരിൽ ഈ സഭയിലെ ബഹുമാന്യന്മാരായ ചില മെംബറന്മാർ അവശസമുദായപ്രതിനിധികളെ സമുദായപ്രാതിനിധ്യവാദമുഖത്തിൽ കക്ഷമായി നിരൂപണംചെയ്യുന്നതായി കാണുന്നു. അങ്ങനെയുള്ള പല പ്രസംഗങ്ങളുംനാം കേട്ടുകഴിഞ്ഞു സാമുദായികമായും സാമ്പത്തികമായും ഔദ്യോഗികമായും ഈ രാജ്യത്തു് സകല ജനങ്ങളെയുംകാൾ അധികം അവശതയനുഭവിക്കുന്ന സാധുജനസമുദായങ്ങളെ പ്രതിനിധീകരിക്കാൻ ഗവണ്മെൻറു നിയോഗിച്ചിട്ടുള്ള മെംബറന്മാർ അവരുടെ സമുദായങ്ങളുടെ ആവശ്യങ്ങളെ ശരിയാംവണ്ണം ധരിപ്പിക്കുകയും യഥാസമയം നിവേദനങ്ങൾ ഗവണ്മെൻറിന്റെ അടുക്കൽ സമർപ്പിക്കയും ചെയ്യുന്നുണ്ടു്. പക്ഷെ, സാമുദായികവാദത്തിനു ആരെങ്കിലും എതിരു പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിനു തക്കതായ കാരണമുണ്ടായിരിക്കുമെന്നു് ഗവണ്മെൻറു ദയവായി ഓർക്കണം. പബ്ലിക് സർവീസു റിക്രൂട്ടുമെൻറു കമ്മിറ്റിയിൽ അവശജനങ്ങളോ അവരെ പ്രതിനിധീകരിച്ചു് മറ്റാളുകളൊ ആരുംതന്നെ ഉണ്ടായിരുന്നില്ല. തന്നിമിത്തം സമുദായവിജ്ഞനത്തിൽ വലിയ തകരാറുകൾ വരുത്തിയിട്ടുണ്ടു്. ഈ തകരാറുകൾ സമുദായങ്ങളുടെ അവകാശത്തിനു് ഗണ്യമായ ഹാനിവരുത്തിയിട്ടുണ്ടെന്നുള്ളതു് ഓർക്കേണ്ടതാകുന്നു. അവശസമുദായാംഗങ്ങൾ വളരെശം പത്തു

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തോളം ഈ രാജ്യത്തുണ്ട്. അതിൽ പുലയർ എന്നും ചേരമർ എന്നും പറയുന്ന ഒരു കൂട്ടരെമാത്രമേ ഒരു സമുദായമായി കമ്മറിഅം ഗീകരിച്ചിട്ടുള്ളൂ. മറ്റുള്ളവരെ മറ്റു ഹിന്ദുക്കളുടെ കൂട്ടത്തിലാണ് കമ്മറി അംഗീകരിച്ചിരിക്കുന്നത്. ചേരമർ മുതലായ അവശജനക്രിസ്ത്യാനികളെ മറ്റു കൃസ്ത്യാനികളെന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. തന്നിമിത്തം അവശജനങ്ങളുടെ പേരിൽ കിട്ടാവുന്നപ്രാതിനിധ്യം ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കുമായി മാറാൻ സാധിക്കുന്നതാണ്. അതുകൊണ്ടുണ്ട് ഈ വഴിയിൽ സമുദായപ്രാതിനിധ്യത്തെ അവശജനപ്രതിനിധികളിൽ ഒരാളായ മി: ആതിച്ചൻ എതിർത്തിട്ടുള്ളതു് എന്നതോന്നുന്നു. ജാതിയ സംഘടനയിൽ സമുദായപ്രാതിനിധ്യം നൽകാതിരുന്നാൽ അതു വളരെ കഷ്ടമാണ്. ജാതീയസംഘടനയെ മാത്രമേ കമ്മ്യണിറ്റി എന്ന ഇംഗ്ലീഷ്പദംകൊണ്ടു നിർദ്ദേശിക്കാൻ പാടുള്ളൂ എന്നാണെന്റെ അഭിപ്രായം അതുതന്നെയാണു സത്യവും നേരേമറിച്ച് മതവിഭാഗങ്ങളെ എന്തായിരുന്നാലും മതവിഭാഗം എന്നല്ലാതെ ഒരു ജാതിയവിഭാഗം എന്നോ സമുദായവിഭാഗമെന്നോവിചാരിക്കാൻ പാടുള്ളതല്ല. തിരുവിതാംകൂറിൽ അവശതയനുഭവിക്കുന്ന അനവധി ജനങ്ങൾ മതപരിവർത്തനംചെയ്തു അന്യമതങ്ങളിൽ ആയിട്ടുണ്ട്. എങ്കിലും അവരും ജാതികളും സമുദായഘടനയിൽ പെടുന്നവരുമാകുന്നു. ഈ നിലയിൽ ഒരു ശരിയായ സമുദായവിഭജനം നടത്തി പൊന്നുതമ്പുരാൻ തിരുമനസ്സിലെ പ്രജകൾക്കുണ്ടായിരിക്കേണ്ട സകല അവകാശങ്ങളും എല്ലാപേർക്കും ശരിയായി ലഭിക്കത്തക്കവണ്ണം ഗവണ്മെൻറിൽനിന്നും വേണ്ടതു് ചെയ്യേണ്ടതാണ് സമുദായ പ്രാതിനിധ്യവാദം ഓരോ സമുദായപ്രതിനിധികളുടേയും ചുമതലയാണെന്ന് വിശേഷിച്ചു പറയേണ്ടതായിട്ടില്ലല്ലോ.

MR. PUTHUPALLI S. KRISHNA PILLAI: Sir, as the discussion on the motion is one that has come up on more occasions than one, it has become my duty to say a few words just to impress on the Government the point of view of some members of this Assembly who are not included in the Samyukta Party. This communal representation in public service on the strength of population of the respective communities is not a new question. From years past this question was being debated upon by my learned friend Mr. Thariathu Kunjithomman. Public meetings have been held in which this point has been pressed on the attention of Government. It has been debated even in the last Legislative Assembly and Government on a consideration of these matters and for the purpose of giving their last verdict on the point

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthupalli S. Krishna Pillai-]

appointed a Public Service Recruitment Committee. Their report was considered by Government and the Public Service Commissioner G. O. was drafted and that G. O. it was ordered should be in working for three years. That G. O. it appeared was expected to give some satisfaction to all the communities. Those who are now alleged to be over represented in public service did not protest against it. Those whose claim it was for larger representation also acquiesced in it to some extent. That question is again agitated. What is it that these honourable members want? Do they demand that these Public Service Commission G. O should be scrapped or is it their case that it must be allowed to work but that it must be expedited? If the latter is their case, it is possible only by sending out of service a large portion of the people who belong to the other communities. If that is their position, no sympathetic demeanour that is acclaimed by those persons could be accepted by us. We emphatically protest against any disturbance of the existing state of affairs (*interruption*) The G. O. must be worked out and worked out satisfactorily and until it is fully worked, no disturbance and no interference what soever should be permitted.

MR. K. R. NARAYANA AIYAR: Sir, the question of communal representation in service has been discussed so vehemently and so frequently on the floor of the House it is hardly necessary for me to advance arguments against it or for it immediately. So far as the Agricultural Department is concerned I have to tell the honourable members of this House that it is a department which is highly technical in nature and therefore only those people who possess the requisite qualifications to the various posts could be appointed in the different sections. If therefore some of the honourable members find a preponderance of people belonging to certain communities in the caste-war statement that has been given, I may mention straightway that at the time the recruitments were made to the different branches of the department which has been in existence for the past 30 years there were not a sufficient number of duly qualified men in the different communities to fill the ranks of the service. This is true, Sir, to a great extent even now.

Another point which I want to say, Sir, is that the question of giving adequate representation to the different communities in the services began to engage the attention of Government, even from the time when Dewan Bahadur T. Raghaviah, was the Dewan in the State and it was as a result of that that a Public Service Commissioner has been appointed now. In the Department of Agriculture, the Director does not make any new appointments. Since the appointment of the Public Service Commissioner, all initial recruitments in the different branches of the department are made by him only. I may tell the House that recently in the appointments which were made in the newly constituted Office of the Superintendent of Fisheries due representation has been given to the unrepresented communities. It is not possible straightaway, Sir, as has been suggested by some of the honourable members to disband the people who are already in service in

LIBRARY ARCHIVES Kerala Legislative Assembly

order to give room for others simply because they belong to backward or unrepresented classes.

MR. E. P. VARGHESE: Nobody wanted it, Sir.

MR. K. R. NARAYANA AIYAR: Since the principle of communal representation been recognised as a result of it a Public Service Commissioner has been appointed to recruit candidates to different posts on a system of communal rotation, I am sure things will settle themselves in due course; and if we take stock of the appointments not only in the Agricultural Department but also in other Departments of Government eight or ten years hence, I am sure we will find that the communities who want representation now will not have any grievances to complain of them.

Sir, since this question has been threshed out on the floor of the House several times during the sessions of this Assembly I have nothing more to add to what has already been stated except this fact that appointments will be made consistent with the qualifications required for the various posts the principles enunciated by the Public Service Commissioner for recruitment.

MR. M. G. MATHEW: I press the motion to a division.

The motion was put to the vote of the House and declared lost.

MR. E. P. VARGHESE: I demand a poll.

A poll was accordingly taken with the following results:

AYES—21.

1	Mr.	Kottalil P. Abraham	12	Mr. P. V. Mathai Cheimparathy
2	,,	Kannara Gopala Panickar	13	,, M. G. Mathew
3	,,	C. Jebamony Nadar	14	Sahib Bahadur H. B. Muhamed Rowther
4	,,	A. J. John	15	Mr. K. R. Narayanan
5	,,	Joseph Vithayathil	16	,, E. John Philipose
6	,,	K. Kesavan	17	,, P. J. Sebastian
7	,,	M. Kesava Panickar	18	,, K. T. Thomas
8	,,	K. P. Kochukora Tharakan	19	,, E. P. Varughese
9	,,	P. K. Kumaran	20	,, T. M. Varughese
10	,,	Thariathu Kunjitommen	21	,, V. K. Velayudhan
11	,,	Sahib Bahadur P. K. Kunju		

NOES—38.

1	Mr.	P. C. Adichan	10	Mr. N. John Joseph
2		Sahib Bahadur V. Chandamiah	11	,, K. C. Karunakaran
3	Mr.	S. Chattanatha Karayalar	12	,, T. C. Kesava Pillai
4	,,	M. L. D'Cruz	13	,, T. T. Kesavan Sastri
5		SrimatiK. Devaki Antharjanam	14	,, Kaviyoor K. K. Kochukunju
6	Mr.	E. E. Pandarathil	15	,, Puthupalli S. Krishna Pillai
7	,,	D. Francis	16	,, C. Kumara Das
8	,,	M. Govinda Pillai		
9	,,	M. L. Janardana Pillai		

LIBRARY ARCHIVES Kerala Legislative Assembly

17	Rao Bahadur Rajyasevanirata Dr. N. Kunjan Pillai	28	Mr. P. Parameswaran Pillai
18	Mr. K. Madhava Kurup	29	,, R. Pitchu Aiyangar
19	,, N. Narayana Kurup	30	,, N. Ramakrishna Pillai
20	,, K. Narayanaperumal Nadar	31	,, Codiveetil C. Ramankunju
21	,, S. Narayana Pillai	32	Rao Bahadur A. Rengaswami Aiyar
22	,, K. R. Narayana Aiyar	33	Mr. P. Sivarama Pillai
23	,, R. Narayanan Namboori	34	,, A. Thanu Pillai
24	Srimathi T. Narayani Amma	35	,, J. W. Tolson
25	Mr. Kainikkara M. Padmanabha Pillai	36	,, Puliyoor T. P. Velayudhan Pillai
26	,, N. K. Padmanabha Pillai	37	,, N. Velu Achary
27	,, Kayalani Parameswaran Pillai	38	,, P. Vivekanandam

NEUTRAL 1.

Mr. G. P. Nilakanta Pillai

The motion was declared lost, 21 voting *for*, 38 voting *against*, one remaining *neutral*.

Motions Nos. 409 to 421.

The following motions were not moved :—

MR. KOTTALIL P. ABRAHAM :

409. To omit the allotment of Rs. 1,200 for Manager.

MR. N. NARAYANA KURUP :

410. To reduce the allotment of Rs 42,530 for Direction by Re. 1.

MR. N. JOHN JOSEPH :

411. To reduce the allotment of Rs. 42,530 for Direction by Re. 1.

MR. T. C. KESAVA PILLAI :

412. To reduce the allotment of Rs. 54,724 for Experimental Farms and Manure Depots by Re. 1.

MR. N. JOHN JOSEPH :

413. To reduce the allotment of Rs. 10,038 for Agricultural Schools by Re. 1.

MR. K. C. KARUNAKARAN :

414. To reduce the allotment of Rs. 7,780 for Marketing Officers by Re. 1.

MR. TARIATHU KUNJITHOMMEN :

415. To reduce the total allotment of Rs. 2,37,181 under Demand XIX by Rs. 5.

MR. M. L. JANARDHANA PILLAI :

416. To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

MR. T. C. KESAVA PILLAI :

417. To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

MR. M. L. JANARDHANA PILLAI :

418. To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

MR. M. L. JANARDHANA PILLAI :

419. To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

MR. C. JEBAMONY NADAR :

420. To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

MR. M. KESAVA PANICKAR :

421 To reduce the total allotment of Rs. 2,37,181 under Demand XIX by Re. 1.

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The question is that a sum of Rs. 2,37,181 under Demand XIX—Agriculture and Fisheries be sanctioned.

The motion was put and carried, and the grant was made.

DEMAND XX—STAMPS.

RAO BAHADUR A. RENGASVAMI AIYAR (*Financial Secretary*): Sir, I beg to move for a grant of Rs. 63,300 under Demand XX—Stamps.

PRESIDENT: The time allotted for the discussion of Demands has expired. All the remaining motions lapse.

Demand No. XX—Stamps—for Rs. 63,300 was put and carried, and the grant was made.

The following motions lapsed on account of the time-limit;

MR. KAVIYOOR K. K. KOCHUKUNJU;

432. To reduce the allotment of Rs. 2,000 for travelling allowance by Re. 1.

MR. T. C. KESAVA PILLAI:

423. To reduce the allotment of Rs. 22,650 for Direction by Re. 1.

MR. H. B. MAHOMED ROWTHER:

424. To reduce the allotment of Rs. 2,68,857 for Sub-Registrars by Re. 1

MR. M. KESAVA PANICKAR:

425. To reduce the total allotment of Rs. 3,22,673 under Demand XXI by Re. 1

MR. M. KESAVA PANICKAR:

426. To reduce the total allotment of Rs. 3,22,673 under Demand XXI by Re. 1.

MR. C. JEBAMONY NADAR:

427. To reduce the total allotment of Rs. 30,295 under Demand XXIII by Re. 1.

MR. T. C. KESAVA PILLAI:

*428. To reduce the allotment of Rs. 55,500 for Legislative Bodies by Re. 1.

MR. C. JEBAMONY NADAR:

429. To reduce the total allotment of Rs. 11,386 under Demand XXV by Re. 1.

MR. H. B. MAHOMED ROWTHER:

430. To reduce the allotment of Rs. 1,17,062 for Stationery by Re. 1.

MR. M. G. MATHEW:

431. To reduce the allotment of Rs. 1,37,455 for Printing by Re 1.

MR. KAVIYOOR K. K. KOCHUKUNJU:

432. To reduce the allotment of Rs. 2,500 for travelling allowance by Re. 1.

MR. M. G. MATHEW:

433. To reduce the allotment of Rs. 29,140 for Superintendence by Re 1.

MR. H. B. MAHOMED ROWTHER:

434. To reduce the allotment of Rs. 2,81,712 for Anchal Offices by Re. 1

MR. S. KRISHNA AIYAR:

435. To reduce the total allotment of Rs. 85,800 under Demand XXXI by Re 1.

MR. M. L. JANARDANA PILLAI:

436. To reduce the total allotment of Rs. 1,00,000 under Demand XXXIII by Re. 1.

MR. M. G. MATHEW:

437. To reduce the total allotment of Rs. 1,00,000 under Demand XXXIII by Re. 1.

MR. M. KESAVA PANICKAR:

438. To reduce the total allotment of Rs. 1,00,000 under Demand XXXIII by Re. 1.

LIBRARY ARCHIVES Kerala Legislative Assembly